## സർഗവേദി

# ഉറക്കറ

* ഉണർന്നിരിക്കാൻ
ഉല്ലസിക്കാൻ
ഓരോരോ വീടുണ്ട്
നമുക്കെല്ലാം...

ഉറങ്ങിക്കിടക്കാൻ
മാത്രമുള്ള
ഒരു വീടിനെക്കുറിച്ച്
ഓർമയുണ്ടോ?

കണ്ണാടി നിലത്ത്
മുഖം നോക്കാനൊക്കില്ല,
ബിഥോവന്റെ സിംഫണി
പശ്ചാത്തലത്തിൽ
മുഴങ്ങിക്കേൾക്കില്ല,
ചിത്രത്തുന്നലുകളെ
ജാലക വിരികൾ
കാറ്റിലാടില്ല,

കൂട്ടിനുണ്ടാകും..
ഇടതുകൈയറിയാതെ
കൊടുത്തത്..
കണ്ണീരു തുടച്ചത്..
ആശ്വസിപ്പിച്ചത്..
തലോടിയത്...
ഉണ്ടാകും
ചിതലുകളും, പുഴുക്കളും
അരിച്ചിറങ്ങുന്ന
ഉൾഭിത്തികൾ...
ഇരുട്ടിന്റെ
കട്ടിപ്പുതപ്പ്.

**അശ്റഫ് കാവിൽ**

* *അവരെല്ലാം ഉറക്കത്തിലാണ്. മരിച്ചാൽ അവരുണരും (ഹദീസ്)*

# ഹൃദയം

ആയുസ്സിന്റെ പാതിയും
നാം ഉറങ്ങുമ്പോൾ
ഉറങ്ങാതെയിരിക്കുന്നു അത്.
ദൗത്യം മറന്ന് ആലസ്യങ്ങളിൽ
സുഖം തേടുമ്പോഴും
അതിരുകടന്ന് അരുതുകളിലേക്ക്
ചിന്തകൾ മുതിരുമ്പോഴും
അത് സിരകൾക്ക്
ചൂടും ചോരയും പകർന്ന്
ജീവന് കൂട്ടിരിക്കുന്നു.

ആയുസ്സിന്റെ പാതിയുണർച്ചയിൽ
ആസ്വാദനങ്ങളുടെ പെയ്ത്തിൽ
തുമ്മി വീണ്ടെടുത്തിട്ടും
നാം അറിയാതെ പോകുന്നു,
അതിന്റെ നിയോഗവും
നമ്മുടെ യോഗവും.

പരിഭവങ്ങളില്ലാതെ പക്ഷേ,
പകലിരവുകളിൽ
വിശ്രമമില്ലാതെ, മറക്കാതെ
അത് നമ്മെ കാത്തുപോരുന്നു.

ഒരുവേള, തുടിപ്പിന്റെ താളം,
സ്വയമത് മറക്കുവോളം.

**അനസ് മാള**

# അനിഷ്ടം

ചുട്ടുപൊള്ളുന്ന
വെയിലിന്റെ
മുഖമെനിക്ക് കാണേണ്ട.
കറുത്തിരുണ്ട
രാവിന്റെ
നിലവിളി കേൾക്കേണ്ട.
ആകാശം കാണുന്ന
വീടിന്റെ
ഭൂപടം വരക്കേണ്ട.
ഇനിയും വരാത്ത
ഒരു കവിതയുടെ
പരാതിയും കേൾക്കേണ്ട....

**ബിജു വളയന്നൂർ**